# പയ്യോളി മുൻസിപ്പാലിറ്റി

പയ്യോളി　　　　പിൻ 673522　　　　കോഴിക്കോട് ജില്ല

ഫോൺ:- 0496 2602043　　　　e-mail:payyolimunicipality@gmail.com


തീയ്യതി :19/12/2023

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

സർ,

വിഷയം:- പയ്യോളി നഗരസഭ - നവകേരള സദസ് മുഖേന ലഭിച്ച അപേക്ഷകൾ/നിവേദനങ്ങൾ-മറുപടി നൽകുന്നത് -സംബന്ധിച്ച്

സൂചന:- നവകേരള സദസിൽ ശ്രീമതി.ആബിദ എന്നവരുടെ 06/12/2023 തീയ്യതിയിൽ സമർപ്പിച്ച KZD0233051 ഡോക്കറ്റ് നമ്പർ അപേക്ഷ.

നവകേരള സദസ്സിൽ ശ്രീമതി.ആബിദ സമർപ്പിച്ച സൂചന പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിവരങ്ങൾ താങ്കളെ അറിയിക്കുന്നു.

ശ്രീമതി.ആബിദ തിയ്യത്രടിക്കുനിയിൽ, അറഫാ മഹൽ, അയനിക്കാട് എന്നിവരുടെ ഫയൽ പരിശോധിച്ചു, ഫയലിൽ ബഹു.കേരള മുഖ്യമന്ത്രി നവ കേരള സദസ്സ് കൊയിലാണ്ടിയിൽ കൊടുത്ത പരാതിയിൽ പറഞ്ഞിരിക്കുന്ന വിഷയം GO(MS)NO-107/2023/LSGD DATED 6/5/2023 ഓഡർ നഗ്നമായി ലംഘിച്ചത് സംബന്ധിച്ചാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കക്ഷി ബി.എൽ നമ്പർ 624 ൽ തീയ്യതി 11/5/22 പ്രകാരം 198.14 $M^2$ വിസ്തീർണ്ണത്തിന് കെട്ടിട നിർമ്മാണ അനുമതി വാങ്ങിയതാണ് .ആയതിന്റെ കാലാവധി 10/5/2015 വരെയായിരുന്നു. കക്ഷി വീണ്ടും നിർമ്മാണ അനുമതി 10/5/2018 വരെ പുതുക്കുകയും കാലാവധിക്കുള്ളിൽ തന്നെ (20/4/2018) കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം 217.52 $M^2$ ആണ്. ആയത് സ്ഥല പരിശോധനയിൽ സമർപ്പിച്ച പ്ലാനിനേക്കാൾ കൂടുതലായി നിർമ്മാണം നടത്തിയിട്ടുണ്ടെന്നും കൂടാതെ തരം മാറ്റിയ ഭൂമിയുടെ കൈവശവകാശ സർട്ടിഫിക്കറ്റ്, സർവ്വെ സ്കെച്ച് എന്നിവ പ്രകാരം സ്ഥലത്തിന്റെ അതിരളവുകൾ രേഖപ്പെടുത്തികൊണ്ട് റഗുലറൈസേഷൻ കംപ്ലീഷൻ പ്ലാൻ

സമർപ്പിക്കുന്നതിന് കക്ഷിക്ക് അറിയിപ്പ് നൽകുകയും ആയത് പ്രകാരം 5/7/23 ന് പുതിയ ഫയൽ സമർപ്പിക്കുകയും ചെയ്തു. പുതുതായി സമർപ്പിച്ച പ്ലാനിലും അപാകതകൾ കണ്ടെത്തിയതിനാൽ 07/08/2023 ൽ കക്ഷിക്ക് നോട്ടീസ് നൽകുകയും ആയത് പരിഹരിക്കുന്ന മുറയ്ക്ക് മാത്രമെ ഫീ ഈടാക്കുന്നതിനും ക്രമവൽക്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് എഞ്ചിനീയർ
പയ്യോളി നഗരസഭ

LSGD (LID & EW) Payyoli Municipality
Kozhikode

Assistant Engineer
Local Self Government Department
Payyoli Municipality